## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6283 — 03.04.2018-ൽ മറുപടിയ്ക്ക്

### ഗുണഭോക്തൃ വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം ആവശ്യമില്ല.<br>എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ 100% സബ്സിഡിയും, ചില പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതായും വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ സാമ്പത്തിക വർഷവും പദ്ധതി മാർഗ്ഗരേഖയുടേയും, സബ്സിഡി മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്. ഇങ്ങനെ രൂപികരിക്കുന്ന ഗുണഭോക്തൃവിഹിതം ആവശ്യമുള്ള പദ്ധതികളിൽ എല്ലാ വിഭാഗങ്ങൾക്കും (എസ്.സി/എസ്.ടി/പൊതുവിഭാഗം) നിശ്ചിത ശതമാനം ഗുണഭോക്തൃവിഹിതം അടയ്ക്കേണ്ടതായി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ആദിവാസി വിഭാഗങ്ങളിലെ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന പണിയ, അടിയ, കാട്ടുനായ്ക്ക തുടങ്ങിയവർക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ശേഷിയില്ലാത്തതിനാൽ പല ആനുകൂല്യങ്ങളും കൈപ്പറ്റാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) യും സി) യും | പരിശോധിക്കുന്നതാണ്. |
| സി) | ഈ വിഷയം പരിഹരിക്കുന്നതിനായി ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിൽ നിന്നും ആദിവാസി വിഭാഗങ്ങളെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ